# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - എടപ്പാൾ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് ശ്രീ.എ.വി.മഹേഷ്റാവുവിന്റെ മാതാവിന് ഹൃദയസംബന്ധമായ അസുഖങ്ങൾക്ക് കൊച്ചിയിലുള്ള മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചെലവായ തുക- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.1284/2014/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,24/04/2014.**

പരാമർശം:- 1) ശ്രീ. മഹേഷ്റാവുവിന്റെ 23/06/2009 ലെ അപേക്ഷ.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04/03/2013 ലെ MH5/7760/13/DHS നമ്പർ കത്ത്.

3) പഞ്ചായത്ത് ഡയറക്ടറുടെ 22/03/2013 ലെ. എഫ്2-12565/2010 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് ശ്രീ. എ.വി.മഹേഷ്റാവുവിന്റെ മാതാവിന് കൊച്ചിയിലുള്ള മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,01,230/-രൂപ (രൂപ ഒരു ലക്ഷത്തി ആയിരത്തി ഇരുന്നൂറ്റി മുപ്പത് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ ₹ 80,984/ (രൂപ എൺപതിനായിരത്തി തൊള്ളായിരത്തി എൺപത്തി നാല് മാത്രം) അപേക്ഷകന് അനുവദിക്കാവുന്നതാണെന്നും പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് ശ്രീ.എ.വി. മഹേഷ്റാവുവിന്റെ മാതാവിന് കൊച്ചിയിലുള്ള മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് ചെലവു വന്ന തുകയിൽ അനുവദനീയമായ തുകയുടെ 80% തുകയായ ₹ 80,984/ (രൂപ എൺപതിനായിരത്തി തൊള്ളായിരത്തി എൺപത്തി നാല് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീ. എം.സി. മഹേഷ്റാവുവിന്റെ മാതാവിന്റെ ചികിൽസയ്ക്ക് നേരിട്ട ചെലവിൽ അനുവദനീയമായ ചെലവിന്റെ 80% തുകയായ ₹ 80,984/ (രൂപ എൺപതിനായിരത്തി തൊള്ളായിരത്തി എൺപത്തി നാല് മാത്രം) എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചിലവഴിച്ച് ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ആഞ്ചലോസ്.ജി**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് , തിരുവനന്തപുരം.
ശ്രീ. എം.സി. മഹേഷ്റാവു, ലോവർ ഡിവിഷൻ ക്ലർക്ക്, എടപ്പാൾ ഗ്രാമപഞ്ചായത്ത് മലപ്പുറം
(എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
ഡെപ്യൂട്ടി ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (2 12/2013 ലെ യു.ഒ നമ്പർ 97043/WW3/13/fin പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ